ജാംബുവ ഗ്രാമത്തിൽ കന്യാ... ആക്രമിക്കപ്പെട്ടു

സൂര്യനെല്ലി ലൈംഗികവ്യാ...; പ്രതികൾക്ക് ജാമ്യം

കോഴിക്കോട് ഐസ്ക്രീ... കേസ്; അന്വേഷണം വഴിമു... ന്നു

മേരിയെ പീഡി... മക്കളുടെ മുന്നിലിട്ട്

സ്ത്രീപീ... വിധി

പീഡനം: ... അധ്യാപിക മരിച്ചു



# സ്ത്രീവാദത്തിന്റെ ആന്തരാർത്ഥങ്ങൾ

**കെ.വി.വസന്തകുമാരി**

ശക്തവും ക്രൂരവും വികലവുമായ വിമർശന ശരങ്ങൾ ഏറ്റുവാങ്ങുന്ന പ്രസ്ഥാനമാണ് സ്ത്രീവിമോചനത്തിന്റേത്. ആൺപെൺ വ്യത്യാസമില്ലാതെ ഈ വിമർശനങ്ങൾ എല്ലാ ദിക്കിൽനിന്നുമുണ്ട്. സമകാലിക കേരളീയ സാഹചര്യത്തിൽ എന്തായാലും ഒരു വിഭാഗം മാധ്യമങ്ങളെങ്കിലും സ്ത്രീയുടെ അസ്തിത്വം അംഗീകരിക്കാൻ തയ്യാറായിക്കഴിഞ്ഞു. ഇന്നേതു മാധ്യമമെടുത്തു നോക്കിയാലും സ്ത്രീകൾക്കായി ഒരു പേജെങ്കിലും നീക്കിയിരിപ്പുണ്ട് എന്നത് സന്തോഷകരമാണ്.

നിത്യജീവിതത്തിൽ ശരാശരി മലയാളിയുടെ ധാരണയിൽ ഇന്നും സ്ത്രീവാദം പുരുഷനെ ശത്രുവായി കാണുന്ന ഒന്നാണ്. സ്ത്രീക്ക് മോചനം വേണ്ടത് സ്ത്രീയിൽനിന്നുതന്നെയാണെന്നും സ്ത്രീയുടെ ഏറ്റവും വലിയ ശത്രു സ്ത്രീ തന്നെയാണ് എന്നും വാദമുഖങ്ങളുണ്ട്. ഈ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി കേരളത്തിൽ സ്ത്രീയ്ക്കെതിരെ നടന്ന രണ്ട് അക്രമസംഭവങ്ങളെ അടിസ്ഥാനമാക്കി പ്രസ്തുത വാദമുഖങ്ങളുടെ നിജസ്ഥിതി ആരായാവുന്നതാണ്.

രണ്ട് വർഷം മുമ്പാണ് കണ്ണൂരിൽ സ്ത്രീകളുടെ നേതൃത്വത്തിൽ അടുക്കളപ്പണിമുടക്ക് നടന്നത്. മാധ്യമശ്രദ്ധയാകർഷിച്ച ഒരു സംഭവമായിരുന്നു അത്. ഭർത്താവിനോടൊപ്പം ഭാര്യ കണ്ണൂർ കോട്ട കാണാൻ പോയി. ഭർത്താവ് പണത്തിനുവേണ്ടി സ്വന്തം ഭാര്യയെ കൂട്ടുകാർക്ക് വിട്ടുകൊടുത്തു. എളുപ്പം പണമുണ്ടാക്കാനായിരുന്നു അത്. 'രക്ഷകനായ' ഭർത്താവിൽനിന്ന് ഈ ദുരന്തം നേരിടേണ്ടിവന്ന ഭാര്യ പോലീസിൽ കേസ് കൊടുത്തു. ആദ്യഘട്ടത്തിൽ കുടുംബത്തെക്കരുതി അവർ ഭർത്താവിനെതിരെ പരാതി ഉന്നയിച്ചിരുന്നില്ല. തുടർന്ന് സ്വന്തം മാനവും സുരക്ഷയും ഒരുതരത്തിലും നിയമവ്യവസ്ഥയാലോ ഭർത്താവിനാലോ പരിരക്ഷിക്കപ്പെടുന്നില്ല എന്ന് കണ്ട് കുടുംബത്തെ ബലികഴിച്ച് സ്വന്തം ഭർത്താവിനെതിരെയും പരാതി നൽകാൻ അവർ തയ്യാറായി. മറ്റൊരു സംഭവം തൃശൂരിൽ ഇരിങ്ങാലക്കുടയിലെ ഒരു ഗ്രാമത്തിൽ ഒരു വർഷം മുമ്പ് നടന്നതാണ്. ഇക്കാലത്തും ഗുണ്ടാവിളയാട്ടം നടക്കുന്ന ഗ്രാമം. അവിടെ മുപ്പത്തൊന്നു വയസ് പ്രായമായ ഒരു ക്രിസ്ത്യൻ സ്ത്രീയെ രാത്രി സമയത്ത് ഗുണ്ടകൾ വന്ന് മാനഭംഗപ്പെടുത്തി. മാനക്കേടോർത്ത് സ്വദുഃഖം ആരെയുമറിയിക്കാതിരിക്കാൻ അവർ ശ്രമിച്ചു. എന്നാലവരുടെ ദുഃഖം കണ്ടറിഞ്ഞ നാത്തൂനോട് അവരെല്ലാം തുറന്നുപറഞ്ഞു. ഇരുവരും കാര്യം രഹസ്യമാക്കി വയ്ക്കാൻ തീരുമാനിച്ചു. ഒന്നുരണ്ടു ദിവസം കഴിഞ്ഞിട്ടും ഒരു പ്രതികരണവുമില്ലെന്നു കണ്ട ഗുണ്ടകൾ വീണ്ടും അക്രമത്തിന് ശ്രമിച്ചു. ഇതോടെ അവർ പള്ളിയെ സമീപിച്ചു. വർഗീയത ഉടലെടുക്കും എന്ന ന്യായം പറഞ്ഞ് പള്ളി സംഭവത്തിലിടപെടാൻ മടിച്ചു. പോലീസിൽ പരാതി നൽകി. ഇപ്പോഴും നടപടികളൊന്നും ഉണ്ടായില്ല.

ഇതെല്ലാം പ്രബുദ്ധതയും സമ്പൂർണ സാക്ഷരതയും സാംസ്കാരിക ഔന്നത്യവും അവകാശപ്പെടുന്ന കേരളത്തിൽ നടന്ന സംഭവങ്ങളാണ്. ആദ്യസംഭവത്തിൽ സ്ത്രീയുടെ രക്ഷകനെന്ന് സമൂഹം അംഗീകരിച്ച ഭർത്താവു തന്നെയാണ് ഭാര്യയെ വിറ്റത്. രണ്ടാമത്തേതിൽ സത്യത്തിന്റെയും നീതിയുടെയും നടത്തിപ്പുകാരും ജനതയുടെ ആശ്രയകേന്ദ്രവുമായ മതസ്ഥാപനം സ്ത്രീയെ കൈവെടിഞ്ഞു. സർക്കാർ നീതിന്യായവ്യവസ്ഥ മൗനമായി എല്ലാ നെറികേടിനും കൂട്ടു നില്ക്കുന്നു.

ഒരു സമൂഹത്തിന്റെ പുരോഗതിയുടെ മാനദണ്ഡം ആ സമൂഹത്തിലെ സ്ത്രീയുടെ അവസ്ഥയിൽനിന്നു മനസ്സിലാക്കാം. കാരണം സമൂഹത്തിന്റെ എല്ലാ ഗുണദോഷങ്ങളും അനുഭവിക്കേണ്ടിവരുന്ന ഏറ്റവും അടിത്തട്ടിലെ കണ്ണിയാണ് സ്ത്രീ. ചരിത്രം സ്ത്രീയെ അത്തരത്തിൽ പിൻതള്ളിയിട്ടുണ്ട്. ഈ യാഥാർത്ഥ്യം ഒറ്റപ്പെട്ടതാണോ? അങ്ങനെയായിരുന്നെങ്കിൽ ഇന്ന് നടക്കുംപോലുള്ള സ്ത്രീയ്ക്കെതിരെയുള്ള അക്രമപ്രവൃത്തികളും തെരുവിൽ സ്ത്രീ നേരിടേണ്ടിവരുന്ന വൃത്തികെട്ട 'കമന്റുകളും' 'നോട്ടങ്ങളും' ബസ്, സിനിമാശാല എന്നുവേണ്ട നാലാൾ കൂടുന്ന ഏതു സ്ഥലത്തും സ്ത്രീ നിരന്തരം അനുഭവിക്കേണ്ടിവരുന്ന ലൈംഗിക ശല്യപ്പെടുത്തലുകളും ഒറ്റപ്പെട്ടതാണോ?.

ഒരു കരുതൽ കൂടാതെ കേരളത്തിന്റെ നിരത്തുകളിലൂടെ സ്ത്രീയ്ക്ക് സ്വച്ഛമായി സഞ്ചരിക്കാനാവുന്നില്ല. നേരമൊന്നിരുട്ടിയാൽ സ്ത്രീയ്ക്ക് ഒറ്റയ്ക്ക് സഞ്ചരിയ്ക്കാൻ ഇവിടെ കഴിയുകയില്ല. അവസരം പാർത്തിരിക്കുന്ന കഴുകൻ കണ്ണുകൾ സ്ത്രീയേയും കാത്ത് മറഞ്ഞിരിക്കുന്നുണ്ട് എന്നത് ഒരു സമൂഹത്തിന്റെ മാനസികമായ അധമസ്ഥിതിയെയാണ് വ്യക്തമാക്കുന്നത്.

നിലവിലുള്ള സ്ത്രീ സങ്കല്പം അതാതു സമൂഹത്തിന്റെ സാമൂഹ്യ സാമ്പത്തിക, രാഷ്ട്രീയ വളർച്ചയുമായി ചരിത്രപരമായി ബന്ധപ്പെട്ടിരിക്കുന്നു. കാലങ്ങളായി പുരുഷനാൽ നിയന്ത്രിക്കപ്പെട്ട ഒരു സമൂഹത്തിലെ സ്ത്രീ, പുരുഷൻ സൃഷ്ടിച്ച മേധാവിത്വവ്യവസ്ഥയാൽ നിർമ്മിക്കപ്പെട്ടതാണ്. ആ സ്ത്രീയിൽ സ്വാതന്ത്ര്യാംശം വളരെ കുറവാണ്. അവൾ വ്യവസ്ഥയുടെ മറ്റു ചിലപ്പോൾ സ്ത്രീശരീരമുള്ള പുരുഷന്റെ ആശയസംഹിത മാത്രമാണ്. സ്ത്രീധനത്തിന്റെ പേരിൽ വധുവിനെ കൊല്ലുന്ന അമ്മായിയമ്മയും പുരുഷൻ പീഡിപ്പിച്ച പെണ്ണിനെ അതവളുടെ കുറ്റം കൊണ്ടെന്നുപറഞ്ഞ് ആക്ഷേപിക്കുന്ന സ്ത്രീയും സ്ത്രീ ചെയ്യുന്ന ഒരു ചെറിയ സ്വാതന്ത്ര്യപ്രവർത്തനത്തെപ്പോലും പരദൂഷണത്തിലൂടെ വ്യാപിപ്പിച്ച് അവളെ ഒതുക്കാൻ ശമിക്കുന്ന സ്ത്രീയുമെല്ലാം നിർമ്മിക്കപ്പെട്ടിരിക്കുന്നത് ഇപ്രകാരമാണ്. സ്വാതന്ത്ര്യമായി ചിന്തിക്കാനും വളരാനുമുള്ള സ്വച്ഛമായ സാമൂഹ്യ സാഹചര്യം സ്ത്രീയ്ക്ക് നൽകാത്തിടത്തോളം ഇതെല്ലാം തുടരും. സ്ത്രീകൾക്കെതിരെയുള്ള ക്രൂരതകൾക്കെല്ലാമിത് തുണ നൽകുകയും ചെയ്യും. സ്ത്രീക്ക് നീതി അന്ധമായി നിഷേധിക്കപ്പെടും.

സ്ത്രീവിമോചന പ്രസ്ഥാനങ്ങൾക്ക് സമൂഹത്തിൽ ഇടം നൽകേണ്ടിവരുന്നത് ഈ പശ്ചാത്തലത്തിലാണ്. സ്ത്രീയ്ക്കെതിരെ നടക്കുന്ന ഇത്തരം അന്യായങ്ങളെ പരിമിതമായ തോതിലെങ്കിലും വെളിച്ചത്തുകൊണ്ടുവരാനും ചെറുക്കാനും, സ്ത്രീയുടെ വ്യത്യസ്തവും തനിമയുമുള്ള വ്യക്തിത്വം സ്ഥാപിച്ചുകിട്ടുന്നതിനും സ്ത്രീകളുടെ മുൻകൈയിലുള്ള പ്രവർത്തനങ്ങൾ കൂടിയേ തീരൂ.